പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6713 　　　　01.11.2011- ലെ മറുപടി

ട്രാൻസ്ഫർ നടപടികളിൽ നിന്ന് പ്രൊട്ടക്ഷൻ

ചോദ്യം 　　　　ഉത്തരം

ശ്രീ. പി. കെ. ബഷീർ 　　　　ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | അംഗീകൃത യൂണിയനുകളുടെ നേതാക്കൾക്ക് ട്രാൻസ്ഫർ നടപടികളിൽ നിന്ന് പ്രൊട്ടക്ഷൻ നൽകുന്നുണ്ടോ ; | (എ) | കെ.എസ്.ആർ.ടി.സി യിലെ അംഗീകൃത തൊഴിലാളി സംഘടനകൾ നിർദ്ദേശിക്കുന്ന ജീവനക്കാർക്ക് (യൂണിനുകളുടെ നേതാക്കൾ ഉൾപ്പെടുന്നുണ്ടെങ്കിൽ അവർക്കും) സ്ഥലംമാറ്റത്തിൽ നിന്നും സംരക്ഷണം നൽകുന്നുണ്ട്. |
| (ബി) | എങ്കിൽ ഓരോ യൂണിറ്റിലും, ചീഫ് ഓഫീസിലും എത്ര പേർക്ക് വീതമാണ് യൂണിയൻ പ്രൊട്ടക്ഷൻ നൽകിയിട്ടുളളത് ; | (ബി) | ഓരോ വർഷവും കെ.എസ്.ആർ.ടി.സി യിലെ അംഗീകൃത സംഘടനകൾ നിർദ്ദേശിക്കുന്ന ജീവനക്കാർക്ക് ഡിപ്പോ, ചീഫ് ഓഫീസ്, വർക്ക്ഷോപ്പ്, 15 ഷെഡ്യൂളുകളിൽ കൂടുതൽ സർവ്വീസ് നടത്തുന്ന ഓപ്പറേറ്റിംഗ് സെന്റർ ഇവകളിൽ ഓരോന്നിലും ഒരു ജീവനക്കാരൻ എന്ന കണക്കിലും, ടി യൂണിനുകളുടെ കേന്ദ്രതലത്തിൽ നിർദ്ദേശിക്കുന്ന ജീവനക്കാർക്കും (പരമാവധി 5) സ്ഥലംമാറ്റത്തിൽ നിന്നും സംരക്ഷണം നൽകിവരുന്നുണ്ട്. |
| (സി) | തിരുവനന്തപുരം കെ.എസ്.ആർ.ടി.സി. ഭവനിൽ ചില കക്ഷികളിൽപ്പെട്ടവർക്ക് എന്നെന്നും ട്രാൻസ്ഫർ ഒഴിവാക്കുന്നതിന് അവരെ കാലാകാലങ്ങളിൽ യൂണിയൻ പ്രൊട്ടക്ഷൻ നൽകുന്നവരുടെ പട്ടികയിൽപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | കക്ഷികളിൽപ്പെട്ടവർ എന്ന പരിഗണന നൽകി സ്ഥലംമാറ്റത്തിൽ നിന്നും ആർക്കും സംരക്ഷണം നൽകിയിട്ടില്ല. കെ.എസ്.ആർ.ടി.സി യിലെ അംഗീകൃത സംഘടനകൾ നിർദ്ദേശിക്കുന്ന ജീവനക്കാരുടെ പട്ടികയിൽ പെടുന്നവർക്കുമാത്രമാണ് സ്ഥലംമാറ്റത്തിൽ നിന്നും സംരക്ഷണം നൽകുന്നത്. |

| | | | |
|---|---|---|---|
| (ഡി) | കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽ പ്രൊട്ടക്ഷൻ നൽകിയിട്ടുളളവരുടെ പട്ടികയും ഓരോരുത്തർക്കും എന്നു മുതൽ പ്രൊട്ടക്ഷൻ നൽകിയിട്ടുണ്ട് എന്നതും സംബന്ധിച്ച വിവരം നൽകാമോ ? | (ഡി) | 2010-11 - ൽ KSRTEA- യുടെ ശ്രീ. വിദ്യാനന്ദകുമാർ, ശ്രീ. എ. മസ്താൻ ഖാൻ എന്നിവർക്ക് കേന്ദ്ര തലത്തിലും, ശ്രീ. ഷാജി ജനാർദ്ദനൻ പിളളക്ക് ചീഫ് ഓഫീസ് തലത്തിലും, TDF - ന്റെ ശ്രീ. എസ്. മനോഹരന് കേന്ദ്ര തലത്തിലും, ശ്രീമതി. കുശലകുമാരിക്ക് ചീഫ് ഓഫീസ് തലത്തിലുമുള്ള പ്രൊട്ടക്ഷൻ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ